LIBRARY ARCHIVES Kerala Legislative Assembly

നിലാവ് പദ്ധതി

189(5348) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നിലാവ് പദ്ധതി പ്രകാരം മണലൂർ മണ്ഡലത്തിലെ വിവിധ കെ.എസ്.ഇ.ബി. ഓഫീസുകൾ നടപ്പാക്കിയ പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദീകരിക്കാമോ?

നിലാവ് പദ്ധതി പ്രകാരം, മണലൂർ മണ്ഡലത്തിൽ 537 എണ്ണം 18 വാട്സ് എൽ.ഇ.ഡി.ബൾബുകളും 400 എണ്ണം 35 വാട്സ് എൽ.ഇ.ഡി. ബൾബുകളും സ്ഥാപിച്ചിട്ടുണ്ട്. മണലൂർ മണ്ഡലത്തിൽ സെക്ഷൻതലത്തിൽ നിലാവ് പദ്ധതി നടപ്പിലാക്കിയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.-അനുബന്ധം *

ചെറിയ നദികളിൽ നിന്നും വൈദ്യുതി ഉത്പാദിപ്പിക്കുന്നതിന് പദ്ധതി

190(5349) ശ്രീ. കെ. പ്രേംകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെറിയ നദികളിൽ നിന്നും വൈദ്യുതി ഉത്പാദിപ്പിക്കുന്നതിനുള്ള പുതിയ പദ്ധതി നടപ്പിലാക്കി വരുന്നുണ്ടോ; ഉണ്ടെങ്കിൽ പദ്ധതിയുടെ വിശദാംശം അറിയിക്കാമോ;

(ബി) ഇത്തരത്തിൽ കൂടുതൽ നദികളിൽ നിന്നും വൈദ്യുതി ഉത്പാദിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

(എ&ബി) ചെറിയ നദികളിൽനിന്നും വൈദ്യുതി ഉത്പാദിപ്പിക്കുവാനുള്ള പ്രത്യേക പദ്ധതി, മറ്റു ചെറുകിട/സാധാരണ ജലവൈദ്യുത പദ്ധതികളിൽ നിന്നും വ്യത്യസ്തമായി നടപ്പിലാക്കിവരുന്നില്ല. നിലവിൽ ആകെ 560 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള വിവിധ ജലവൈദ്യുത പദ്ധതികളുടെ പ്രാരംഭ പര്യവേഷണ പ്രവർത്തനങ്ങൾ, വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കൽ തുടങ്ങിയ അനുബന്ധ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. ഇടമലയാർ എക്സ്റ്റൻഷൻ, ലോവർ പുഴിത്തോട്, ലച്ച്മി, മാങ്കുളം സ്റ്റേജ് II, പള്ളിവാസൽ വിപുലീകരണ പദ്ധതി തുടങ്ങിയ പദ്ധതികൾ ഇതിൽ ഉൾപ്പെടുന്നു. ജലസ്രോതസ്സുകളാൽ സമ്പന്നമായ സംസ്ഥാനത്ത് പരിസ്ഥിതി സന്തുലിതാവസ്ഥ നിലനിർത്തികൊണ്ട് പരമാവധി ഊർജ്ജം ഉല്പാദിപ്പിക്കുവാനുള്ള നടപടിക്രമങ്ങൾ നടന്നുവരുന്നു. എന്നാൽ സൂക്ഷ്മ/അതിസൂക്ഷ്മ പദ്ധതികൾ ചെറുനദികളിലും നീരൊഴുക്കുകളിലും ചുരുങ്ങിയ കാലയളവിൽ പ്രവർത്തിപ്പിക്കുവാൻ കഴിയുംവിധം പ്രത്യേകമായി രൂപകല്പന ചെയ്യു

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

നടപ്പാക്കുവാൻ ശ്രമിക്കുന്നു. കേരള ചെറുകിട ജലവൈദ്യുത പദ്ധതി നയം 2012 പ്രകാരം എല്ലാ സാദ്ധ്യമായ ഇടങ്ങളിലും ചെറുകിട ജലവൈദ്യുത പദ്ധതികൾ നടപ്പിലാക്കുന്നതിന് സർക്കാർ പ്രോത്സാഹനം നൽകിവരുന്നു. തിരുവനന്തപുരം ജില്ലയിലെ കരമനയാർ, വാമനപുരം ആറ് (കെ.എസ്.ബി - സ്പിൻ വഴി), പത്തനംതിട്ട ജില്ലയിലെ അച്ചൻകോവിലാർ (തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജ് വഴി) എന്നീ നദീതടങ്ങളിലെ ചെറുകിട ജലവൈദ്യുത പദ്ധതി സാധ്യതാപഠനം ഇതുവരെ നടത്തിയിട്ടുണ്ട്. ഇവ ഉൾപ്പടെ ഇരുന്നൂറോളം സാദ്ധ്യമായ പദ്ധതി പ്രദേശങ്ങളുടെ വിവരങ്ങൾ ശേഖരിച്ചിട്ടുണ്ട്. അതോടൊപ്പം കനാലുകളിലെ ഒഴുക്കിൽനിന്ന് (ഹൈഡ്രോകൈനറ്റിക്ക് സാങ്കേതികത) വൈദ്യുതി ഉല്പാദിപ്പിക്കുന്നതിനുള്ള സാധ്യതാ പഠനവും പൈലറ്റ് അടിസ്ഥാനത്തിലുള്ള പദ്ധതി നിർമ്മാണവും ലക്ഷ്യമിട്ട് Expression of Interest (EOI) വിളിച്ചിട്ടുണ്ട്. പദ്ധതിയിലൂടെ സാധ്യതയുള്ള ഇടങ്ങൾ കണ്ടെത്തിയതിനുശേഷം ഉചിതമായ കനാലുകളിൽ കൂടുതൽ ഹൈഡ്രോ കൈനറ്റിക് പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

റീവാമ്പ്ഡ് ഡിസ്ട്രിബ്യൂഷൻ സെക്ടർ സ്കീം

191(5350) ശ്രീ. ഇ. ചന്ദ്രശേഖരൻ:
ശ്രീ. വി. ആർ. സുനിൽകുമാർ:
ശ്രീ. വാഴൂർ സോമൻ:
ശ്രീ. സി. സി. മുകുന്ദൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി വിതരണ മേഖലയുടെ നവീകരണം ലക്ഷ്യമാക്കി കേന്ദ്ര സർക്കാർ ആർ.ഡി.എസ്.എസ്. (റീവാമ്പ്ഡ് ഡിസ്ട്രിബ്യൂഷൻ സെക്ടർ സ്കീം) പ്രഖ്യാപിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. വൈദ്യുതി വിതരണ മേഖലയുടെ വികസനവും നവീകരണം ലക്ഷ്യമാക്കി കേന്ദ്രസർക്കാർ പ്രഖ്യാപിച്ചിട്ടുള്ള പുതിയ പദ്ധതിയാണ് ആർ. ഡി. എസ്. എസ്. (റീവാമ്പ്ഡ് ഡിസ്ട്രിബ്യൂഷൻ സെക്ടർ സ്കീം). ഗുണമേന്മയുള്ള 24x7 വൈദ്യുതിയും ഊർജ്ജ മേഖലയുടെ സാമ്പത്തിക സുസ്ഥിരതയും മെച്ചപ്പെട്ട കാര്യക്ഷമതയും വിശ്വാസ്യതയും പ്രസ്തുത പദ്ധതി ലക്ഷ്യമിടുന്നു.

(ബി) പദ്ധതിയുടെ വിശദമായ മാർഗ്ഗരേഖ സംസ്ഥാനത്തിന് ലഭിച്ചിട്ടുണ്ടോ; പദ്ധതിയുടെ കരട് മാർഗ്ഗരേഖ പ്രകാരം എന്തെല്ലാം പ്രവർത്തന ഘടകങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്; വ്യക്തമാക്കാമോ?

പദ്ധതിയുടെ വിശദമായ മാർഗ്ഗരേഖ ലഭിച്ചിട്ടുണ്ട്. ലഭ്യമായ മാർഗ്ഗരേഖ പ്രകാരം താഴെപ്പറയുന്ന ഘടകങ്ങൾ പ്രസ്തുത RDSS പദ്ധതിയിൽ ഉൾപ്പെട്ടിട്ടുണ്ട്.